**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5363** **15-03-2023 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ മാർക്കറ്റിംഗ് നടത്തുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ നിരവധി സഹകരണ സ്ഥാപനങ്ങൾ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്തും പാക്ക് ചെയ്തും വിപണനം നടത്തുന്നതുപോലെ സഹകരണ സ്ഥാപനങ്ങളുടെ ശൃംഖല സൃഷ്ടിച്ച് സർക്കാർ നേതൃത്വത്തിലോ സഹകരണ സ്ഥാപനങ്ങളുടെ കൺസോർഷ്യത്തിന്റെ നേതൃത്വത്തിലോ ഡിജിറ്റൽ മാർക്കറ്റിംഗ് നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിന് കൃഷി വകുപ്പ് നേതൃത്വം നൽകുമോ; വിശദമാക്കാമോ? | (എ) | കൃഷി വകുപ്പ് "കേരളാഗ്രോ" ബ്രാന്റിൽ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ ഓൺലൈൻ സംവിധാനം മുഖേനയുള്ള വിപണനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർഷകർ /എഫ്.പി.ഒ.കൾ/കർഷക കൂട്ടായ്മകൾ എന്നിവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളും ഇതേ ബ്രാന്റിൽ ഓൺലൈൻ മുഖേന മാർക്കറ്റിംഗ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ